# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-EKM(BP)1005/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
എ.ഡി.സി.(ജനറൽ),എറണാകുളം
കാര്യാലയ പകർപ്പ്

നമ്പർ: KSA-EKM(BP)1005/23 തീയ്യതി: 30/09/2023

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 19-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.എൽ.സാംകുട്ടി | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2023 | 30-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ,
ജോസഫ് ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ആലീസ് ഷാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബൈജു ടി.പോൾ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ആഷാമോൾ പി. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.പാമ്പാക്കുട | 01-04-2022 | 31-03-2023 |
| ഡോ.ജോബ് സി.ഓ. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.രാമമംഗലം | 01-04-2022 | 28-10-2022 |
| ഡോ.മായാദേവി എം. | മെഡിക്കൽ ഓഫീസർ.സി.എച്ച്.സി. രാമമംഗലം | 29-10-2022 | 08-01-2023 |
| ഡോ.അനിത എൻ.ഷേണായ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.രാമമംഗലം | 09-01-2023 | 31-01-2023 |
| ശ്രീമതി മണി.ഓ.എൻ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സജിത ഡി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സീന പി.ജി. | കൃഷി അസിസ്ററന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജാസ്മിൻ മോൾ ടി.കെ. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 20-12-2022 |
| ശ്രീമതി. ലീന വി. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 21-12-2022 | 31-03-2023 |
| ശ്രീ.രതീഷ് രവീന്ദ്രൻ | അസി.എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിജി വർഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 29-11-2022 |
| ശ്രീ.എം.കെ.ജയദേവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | പ്രയർ പീരിയഡ് ചെലവുകൾ-വിശദാംശങ്ങൾ ലഭ്യമല്ല | 1-1-4 |
| 6 | സി.എഫ്.സി.ഗ്രാന്റ്-കണക്കുകളിൽ വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക നില | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | സാംഖ്യ രസീത് പരിശോധനയി**ൽ** കണ്ടെത്തിയ അപാകതക**ൾ** | 1-11 |
| 18 | കടമുറികളുടെ വാടക വരവ് - അപാകതക**ൾ** | 1-12 |
| 19 | ശുചിമുറി നിർമ്മാണം-തിരുമാറാടി ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-13 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് ലാപ്ടോപ്പുകൾ വാങ്ങൽ - ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടില്ല. | 1-14 |
| 21 | പ്രാദേശിക സാമ്പത്തിക വികസനമേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല. | 1-15 |
| 22 | ക്ഷീരവികസന ഓഫീസർ ഫയലുകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസപ്പെടുത്തുന്നു | 1-16 |
| 23 | രാമമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-17 |

| | | |
|---|---|---|
| 24 | ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം. | 1-18 |
| 25 | സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി ചെലവ് -പദ്ധതി പ്രകാരമുള്ള മുഴുവൻ ചെലവുകളും ഉൾപ്പെടുത്തുന്നില്ല | 1-19 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവ് തുക തടസപ്പെടുത്തുന്നു | 1-20 |
| 27 | വർക്ക് നിയർ ഹോം - പദ്ധതി കെട്ടിട നിർമ്മാണം - അപാകതകൾ | 1-21 |
| 28 | മരാമത്ത് പ്രവൃത്തികൾ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല,നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു | 1-22 |
| 29 | ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിയത്-വ്യവസ്ഥകൾ പാലിച്ചില്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 03.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 04.09.2023 സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ് :

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-2 സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 ൽ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-4 പ്രയർ പീരിയഡ് ചെലവുകൾ-വിശദാംശങ്ങൾ ലഭ്യമല്ല

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേർണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-5 സി.എഫ്.സി.ഗ്രാന്റ്-കണക്കുകളിൽ വ്യത്യാസം

ബി-17 ഷെഡ്യൂളിൽ CFC Grant (ഹെഡ്-450620101) ബാങ്ക് ബുക്ക് പ്രകാരം 31.3.23ൽ ₹2048193/- നീക്കിയിരിപ്പുണ്ട്. എന്നാൽ ബി-4 ഷെഡ്യൂളിൽ CFC Tied, Untied ഗ്രാന്റുകളുടെ നീക്കിയിരിപ്പ് ₹2047693/- യാണ്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി ₹500/- വ്യത്യാസം വന്നിട്ടുണ്ട്.

1-1-6 ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 212(3) പ്രകാരം സർക്കാരിനോ ജില്ലാ പഞ്ചായത്തിനോ വേണ്ടി സ്വീകരിക്കുന്ന പണം ഒഴികെ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ പണവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരുന്നതാണ്. അതുപോലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം പഞ്ചായത്തിന്റെ എല്ലാ പണമിടപാടുകളും അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ പണമിടപാടുകൾ നടത്തപ്പെടുന്ന/തുക നീക്കിയിരിപ്പുള്ള ചുവടെ ചേർക്കുന്ന അക്കൗണ്ടുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ടിന്റെ പേര് | അക്കൗണ്ട് നമ്പർ | ബാങ്ക് |
|---|---|---|---|
| 1 | ഭവന നിധി | 857810110003911 | ബാങ്ക് ഓഫ് ഇന്ത്യ |
| 2 | MPLAD Scheme | 857810100003674 | ബാങ്ക് ഓഫ് ഇന്ത്യ |
| 3 | MGNREGS | 67176587986 | എസ്.ബി.ഐ. |

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.3.2022 ലെ ഭരണസമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം അംഗീകരിച്ചു. ₹7,12,67,000/- വരവും ₹7,07,49,310/- ചെലവും ₹5,17,690/- നീക്കിയിരിപ്പും പ്രതീക്ഷിച്ചു കൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കി അവതരിപ്പിച്ചത്.

1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | ₹62,59,316 |
| വരവ് | ₹4,43,74,007 |
| ആകെ | ₹5,06,33,323 |
| ചെലവ് | ₹4,70,74,493 |
| നീക്കിയിരിപ്പ് | ₹35,58,830 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 1,24,09,000 | 1,24,09,000 | 1,16,49,586 | 0 | 7,59,144 |
| വികസനഫണ്ട്-എസ്.സി.പി | 0 | 60,15,000 | 60,15,000 | 56,84,153 | 0 | 3,30,847 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 62,000 | 62,000 | 62,000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 57,74,000 | 57,74,000 | 57,02,782 | 0 | 71,218 |
| സി.എഫ്.സി. ഗ്രാന്റ്-അൺടൈഡ് | 52,631 | 21,07,721 | 21,60,352 | 19,60,162 | 2,00,190 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ബാങ്ക്) | | | | | | |
| സി.എഫ്.സി. ഗ്രാന്റ്-അൺടൈഡ് (ട്രഷറി) | 0 | 2,33,846 | 2,33,846 | 2,33,846 | 0 | 0 |
| സി.എഫ്.സി. ഗ്രാന്റ്-ടൈഡ് (ബാങ്ക്) | 18,89,642 | 30,01,000 | 48,90,642 | 30,43,139 | 18,47,503 | 0 |
| സി.എഫ്.സി. ഗ്രാന്റ്-ടൈഡ്(ട്രഷറി) | 0 | 18,35,633 | 18,35,633 | 17,25,633 | 0 | 1,10,000 |
| പി.എം.എ.വൈ. | 40,705 | 19,18,188 | 19,58,893 | 17,45,028 | 2,13,865 | 0 |
| കേരളോത്സവം | 0 | 1,00,000 | 1,00,000 | 1,00,000 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീ കരിച്ചത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 5,46,27,407 | 3,19,23,309 | 28 | 77 | 6 | 69.37% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് പരിശോധന 24.6.2023 തീയതി 3pm ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1)സ്ഥാപനത്തിന് ലഭിക്കുന്ന വിവിധയിനങ്ങളിലുള്ള നിക്ഷേപങ്ങൾ ഇനം തിരിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് റീഫണ്ട് വിവരങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിന് ഇതു മൂലം സാധിക്കാതെ വരുന്നു.

2)തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവിലേക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ, മുൻവർഷങ്ങളിലെ ഉൾപ്പെടെയുള്ള തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനുള്ള തുകകൾ ഏതെല്ലാം കാലയളവിലേത് ആണെന്ന് ഉൾപ്പെടെയുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കാതെ വരുന്നു.
മേൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2017 – 02.02.2017 | 2016-17 | 27.02.2017 |

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.7.2022-29.7.2022 | 2021-22 | ലഭിച്ചിട്ടില്ല. |

## 1-11 സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള ഫോം നമ്പർ KPRAR-5 മാതൃകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ സാംഖ്യ രസീതോ ഉപയോഗിച്ച് മാത്രമേ പഞ്ചായത്തുകളിൽ പണം പിരിക്കുന്നത്. സാംഖ്യ രസീത് എന്നത് കമ്പ്യൂട്ടർവൽകൃത രസീതും ആയത് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച കയ്യെഴുത്ത് രസീത് നൽകേണ്ടതുമാണ്. ഇതിൽ നിന്നും വ്യത്യസ്തമായി സാംഖ്യ രസീതിൽ മഷി കൊണ്ട് തുക രേഖപ്പെടുത്തി സ്റ്റേഷനറി നം. B8943556 മുതൽ സ്റ്റേഷനറി നം. B8943616 വരെയുള്ള 61 രസീതുകൾ നൽകി പണപ്പിരിവ് നടത്തിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് സ്റ്റേഷനറി നം. | തീയതി | തുക (₹) |
|---|---|---|---|
| 1 | B8943556 | 06.06.2022 | 296.00 |
| 2 | B8943557 | 08.06.2022 | 1594.00 |
| 3 | B8943558 | 07.07.2022 | 11164.00 |
| 4 | B8943559 | 08.07.2022 | 296.00 |
| 5 | B8943560 | 03.08.2022 | 500.00 |
| 6 | B8943561 | 03.08.2022 | 590.00 |
| 7 | B8943562 | 04.08.2022 | 600.00 |
| 8 | B8943563 | 06.08.2022 | 708.00 |
| 9 | B8943564 | 08.08.2022 | 296.00 |
| 10 | B8943565 | 30.08.2022 | 27101.00 |
| 11 | B8943566 | 30.08.2022 | 35678.00 |
| 12 | B8943567 | 30.08.2022 | 24617.00 |
| 13 | B8943568 | 30.08.2022 | 4606.00 |
| 14 | B8943569 | 30.08.2022 | 9572.00 |
| 15 | B8943570 | 30.08.2022 | 7519.00 |

സാംഖ്യ രസീത് ഉപയോഗിച്ച് പണപ്പിരിവ് നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച കയ്യെഴുത്ത് രസീത് നൽകുന്നതിന് പകരം സാംഖ്യ രസീതിൽ പേനകൊണ്ട് തുക രേഖപ്പെടുത്തി 61 രസീതുകളിലായി പണപ്പിരിവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.06.2023-ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ചട്ടപ്രകാരമല്ലാതെ പണം സ്വീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കടമുറികളുടെ വാടക വരവ് - അപാകതകൾ

1. വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പലയിടങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 22 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. രേഖകൾ അപൂർണമായതിനാൽ കടമുറി നം./ പഞ്ചായത്ത്/ വാർഡ്, ലേലം കൊണ്ട വ്യക്തിയുടെ പേര്, മേൽവിലാസം, കടമുറിയിൽ നടത്തപ്പെടുന്ന സ്ഥാപനം, അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നീ വിവരങ്ങൾ വടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III യുടെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമക്കേണ്ടതാണ്. എന്നാൽ മുഴുവൻ വാടകക്കാരുമായും ബ്ലോക്ക് പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ വെച്ചതായി കാണുന്നില്ല. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കാത്തതിനും മുഴുവൻ വാടകക്കാരുമായും പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ വെയ്ക്കാതെ തുടരുന്നതിന്റെയും കാരണം വ്യക്തമല്ല.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256, ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോ ഉണ്ടാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട

ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ. 1-11 ൽ ഇക്കാര്യം മുൻപ് പരാമർശിച്ചിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4.ഓഡിറ്റിന് സമർപ്പിച്ച വാടക ഡിമാന്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ്, കലക്ഷൻ, രസീത് നം./തീയതി എന്നിവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. വാടക പിരിവ് സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യം 2021-22 ലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് തുടർന്നും അപാകതയായി നിലനിൽക്കുന്നു.

5. വാടക ഡെപ്പോസിറ്റ് സംബന്ധിച്ച് വാടക ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൂടാതെ വാടക ഡെപ്പോസിറ്റ് എപ്രകാരമാണ് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്യുന്നതെന്നുള്ള വിവരവും വാടക ഡെപ്പോസിറ്റായി സ്വീകരിച്ച തുകകളുടെ വിവരങ്ങളും വ്യക്തമല്ല. വാടക ഡെപ്പോസിറ്റ് സ്വീകരിക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി മുൻ വർഷങ്ങളിലടക്കം എടുത്ത തീരുമാനങ്ങൾ ലഭ്യമല്ല.

6. തൻവർഷ വാടകയും വാടക കുടിശ്ശികയും ഈടാക്കിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2022-23 വർഷത്തിൽ വാടകയ്ക്ക് എടുത്തിരിരുന്നവർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശികയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക | | ആകെ ഒടുക്കേണ്ട വാടക(₹) |
|---|---|---|---|---|
| | | | | |
| 1 | ധനശ്രീ എസ്.എച്ച്.ജി | 04.22 മുതൽ 09.22 വരെ 1345/- | 10.22 മുതൽ 03.23 വരെ 1412/- | 12440 |
| 2 | അക്ഷയ എസ്.എച്ച്.ജി | 04.22 മുതൽ 09.22 വരെ 1355/- | 10.22 മുതൽ . 03.23 വരെ 1423/- | 12688 |
| 3 | അതുല്യ എസ്.എച്ച്.ജി | 04.22 മുതൽ 09.22 വരെ 1360/- | 10.22 മുതൽ 03.23 വരെ 1428/- | 8500 |
| 4 | ഫ്രൈണ്ട്സ് എസ്.എച്ച്.ജി | 04.22 മുതൽ 09.22 വരെ 3497/- | 10.22 മുതൽ 03.23 വരെ 3672/- | 20034 |
| 5 | കല്യാണി അയ്യന്താനം | 04.22 മുതൽ 09.22 വരെ 672/- | 10.22 മുതൽ 03.23 വരെ 706/- | 8268 |
| 6 | ഐശ്വര്യ എസ്.എച്ച്.ജി | രേഖപ്പെട്ടത്തിയിട്ടില്ല. | രേഖപെട്ടത്തിയിട്ടില്ല. | 18360 |
| 7 | എ.ഡി.എസ്. കരിമ്പന | 04.22 മുതൽ 09.22 വരെ 814/- | 10.22 മുതൽ 03.23 വരെ 855/- | 855 |
| 8 | അയ്യങ്കാളി സാംസ്കാരിക കേന്ദ്രം | 04.22 മുതൽ 06.22 വരെ 675/- | 10.22 മുതൽ 03.23 വരെ 709/- | 8406 |
| 9 | ബഥേൽ കറ്ററിംഗ് യൂണിറ്റ് | 04.22 മുതൽ 10.22 വരെ 675/- | 11.22 മുതൽ 03.23 വരെ 709 | 25300 |
| 10 | തണൽ | 04.22 മുതൽ | 01.23 മുതൽ | 8249 |

| | | | | |
|---|---|---|---|---|
| | എസ്.എച്ച്.ജി | 12.22 വരെ 650/- | 03.23 വരെ 683/- | |
| 11 | മരിയൻ ഫ്ലവർ മാർട്ട് | 04.22 മുതൽ 07.22 വരെ 580/- | 08.22 മുതൽ 03.23 വരെ 610/- | 17365 |
| 12 | അച്ചൂസ് എസ്.എച്ച്.ജി | 04.22 മുതൽ 08.22 വരെ 1290/- | 09.22 മുതൽ 03.23 വരെ 1355/- | 34385 |
| 13 | നിമിഷ വിനോജ് | 04.22 മുതൽ 03.23 വരെ 815/- | | 24840 |
| 14 | കലേഷ് കുമാർ | 04.22 മുതൽ 01.23 വരെ 670/- | 02.23 മുതൽ 03.23 വരെ 704/- | 31640 |
| 15 | സെന്റ്.ജോർജ് ഓയിൽ മിൽസ് | 04.22 മുതൽ 02.23 വരെ 1050/- | 03.23 ൽ 1103/- | 4253 |
| 16 | മാമലശ്ശേരിയിൽ റൈസ് | 04.22 മുതൽ 08.22 വരെ 1100/- | 09.22 മുതൽ 03.23 വരെ 1155/- | 2310 |
| 17 | താര ഷാജി | 04.22 മുതൽ 02.23 വരെ 250/- | 03.23 ൽ 263/- | 263 |
| 18 | സൗമ്യ കൃഷ്ണൻ | 04.22 മുതൽ 03.23 വരെ 600/- | | 2400 |
| 19 | കൃപ റ്റൈലറിംഗ് | 04.22 മുതൽ 02.23 വരെ 525/- | 03.23 ൽ 550/- | 2675 |
| 20 | അഞ്ചുമോൾ പി.ജി. | 08.22 03.23 വരെ 500/- | | 1000 |
| 21 | മഞ്ചു ബേബി | 04.22 മുതൽ 12.22 വരെ 810/- | 01.23 മുതൽ 03.23 വരെ 850/- | 2550 |

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല.

7. 2022-23 ലെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂളിൽ മുൻവർഷ വാടക കുടിശ്ശിക ₹133506/- യും തൻവർഷ വാടക കുടിശ്ശിക ₹117047/- യുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 24.06.2023 ൽ നൽകിയ 04-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രതിമാസ വാടക കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിനു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 ശുചിമുറി നിർമ്മാണം-തിരുമാറാടി ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 22/ 2023 (സ്പിൽ ഓവർ) |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | തിരുമാറാടി ജനസേവന കേന്ദ്രത്തിൽ ശുചിമുറി നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ (₹) | 90,000/- (തനത് ഫണ്ട്) |
| ചെലവ് (₹) | 69,200/- (ചെക്ക് നമ്പർ-5487455, C/0 15.12.2022) |

ജനസേവന കേന്ദ്രത്തിൽ ശുചിമുറി നിർമ്മിക്കുന്നതിനായി തിരുമാറാടി ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും വിഹിതം നൽകുന്നതിനായി 2021-22 വർഷം വിഭാവനം ചെയ്ത പ്രൊജക്ട്, സ്പിൽ ഓവർ ആകുകയും തുടർന്ന് 2022-23 വർഷം മേൽ നമ്പർ പ്രൊജക്ട് പ്രകാരം പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ LGTSB A/C NO.799013000000957 ൽ നിന്നും ബ്ലോക്ക് വിഹിതം ₹ 69200/- ചെക്ക് നമ്പർ 5487455 മുഖേന തിരുമാറാടി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി, അസി.എൻജിനീയറുടെ പേരിൽ കൂത്താട്ടുകുളം സബ് ട്രഷറിയിലുള്ള ടി.എസ്.ബി.അക്കൗണ്ട് നമ്പർ – 799011400003040ലേക്ക് RTGS മുഖേന നൽകുകയും ചെയ്തതായി പ്രൊജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) തുക അനുവദിക്കുന്നതിനായുള്ള തിരുമാറാടി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി, അസി.എൻജിനീയറുടെ 25.11.22ലെ റിക്വിസിഷൻ നമ്പർ - 2007810001220071, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓതറൈസ് ചെയ്തതിനെ തുടർന്ന് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ₹69200/- RTGS മുഖേന തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൂത്താട്ടുകുളം സബ് ട്രഷറിയിലുള്ള Joint Venture TSB A/C No.799013100000299 ലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ 01.12.22 ലെ പ്രൊസീഡിംഗ്സ് നമ്പർ – C-1033/2022/01.12.22 (PRN-2022231203B000208272) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉത്തരവിട്ടത് ഫയലിൽ ചേർത്തിട്ടുണ്ട്. BIMS ൽ ജനറേറ്റ് ചെയ്ത പ്രൊസീഡിംഗ്സ് ആണിത്. സംയുക്ത പ്രൊജക്ട് പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറാൻ ഉത്തരവായ തുക കൈമാറാതെ പിന്നീട് എൽ.എസ്.ജി.ഡി, അസി.എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഫയലിൽ ഇതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ല.

2)ബ്ലോക്ക് പഞ്ചായത്തിന്റെ എൽ.ജി.റ്റി.എസ്.ബി.അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 15.12.22 ൽ അക്കൗണ്ടിൽ നിന്നും ₹69,200/- ഡെബിറ്റ് ആയി (ട്രാൻസാക്ഷൻ ഐ.ഡി. 18883). എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതി ചെലവ് സുലേഖ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയത് പരിശോധിച്ചതിൽ ശുചിമുറി നിർമ്മാണത്തിന് അസി.എൻജിനീയർ കൈപ്പറ്റിയ ബ്ലോക്ക് വിഹിതം ₹69200/- ചെലവഴിച്ചതായി കാണുന്നില്ല. തുക അസി.എൻജിനീയർ ഗുണഭോക്താവിന് നൽകിയതിന്റെ രേഖകൾ UTR നമ്പർ സഹിതം ലഭ്യമാക്കിയിട്ടില്ല. തിരുമാറാടി ഗ്രാമപഞ്ചായത്ത് അസി.എൻജിനീയർ 05.12.12ൽ സാംഖ്യയിൽ തയ്യാറാക്കിയ TR-59E ബില്ലാണ് പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

3) സംയുക്ത പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് തിരുമാറാടി ഗ്രാമപഞ്ചായത്ത് അധികൃതരുമായി കരാർ വെച്ചതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

4) പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ സുലേഖ ചെലവ് പത്രിക പ്രകാരം 22/2023 നമ്പർ പ്രൊജക്ടിൽ ചെലവൊന്നുമില്ല. തുക അസി.എൻജിനീയറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടും ₹69200/-യുടെ ചെലവ്, പത്രികയിൽ ഉൾപ്പെടുത്താതിരിക്കുകയാണ് ചെയ്തത്. ആയതിനാൽ പ്രൊജക്ട് വീണ്ടും സ്പിൽ ഓവറായി.

പ്രൊജക്ട് നിർവ്വഹണത്തിലെ മേൽപ്പറഞ്ഞ അപാകതകൾ കാരണവും തുക അസി.എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും ₹69,200/- യുടെ ചെലവ് തടസപ്പെടുത്തുന്നു. ₹69200/- ശുചിമുറി നിർമ്മാണത്തിന് ഉപയുക്തമായോയെന്ന് വ്യക്തമല്ല. തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ലെങ്കിൽ ₹69,200/- തിരുമാറാടി ഗ്രമപഞ്ചായത്ത് എൽ.എസ്.ജി.ഡി, അസി.എൻജിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 07/26.6.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-14 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് ലാപ്ടോപ്പുകൾ വാങ്ങൽ - ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.-138/2023
നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ, പാമ്പാക്കുട ബ്ളോക്ക് പഞ്ചായത്ത്
അടങ്കൽ- ₹120000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)
ചെലവ്- ₹115232/- ( ബിൽ നം-2212030000000010139, തീയതി- 21/03/2023)

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് C.P.R.C.S. മുഖേന രണ്ട് ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2022-23 ൽ ₹1,15,232/- മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ 20/03/2023 ൽ ലഭ്യമാക്കിയ TVM/ITBG/PI/RC/47676/22-23 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹57,616/- വീതം വിലവരുന്ന രണ്ട് വിൻഡോസ് 11 ഹൈഎൻഡ് ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായാണ് ബിൽ പ്രകാരം തുക മുൻകൂർ നൽകിയത്. എന്നാൽ ബിൽതുക പൂർണ്ണമായും മുൻകൂർ നൽകിയിട്ടും നാളിതുവരെയായും ലാപ്പ്ടോപ്പുകൾ കെൽട്രോൺ ലഭ്യമാക്കിയിട്ടില്ല. C.P.R.C.S ൽ നിന്നും ലാപ്പ്ടോപ്പുകൾ ലഭ്യമാകുന്നതിന് ഒരുമാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേനെ ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിന് 07.09.2020-ലെ ഡി എ1/153/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി GeM മുഖേനെ വാങ്ങൽ നടത്താൻ 23.10.2021-ലെ സ.ഉ.(സാധാ)നം.2076/2021 /ത.സ.ഭ.വ. പ്രകാരവും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനോ കെൽട്രോണിൽ നിന്നും തന്നെ ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. മുൻകൂർ പണം നൽകുന്ന സാഹചര്യത്തിൽ സമയബന്ധിതമായി ലാപ്പ്ടോപ്പ് ലഭ്യത ഉറപ്പാക്കും വിധം വ്യവസ്ഥകൾ ഉൾപ്പെടുത്തി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3, തീയതി- 23-06-2023) ലാപ്പ്ടോപ്പുകൾ 2023 ജൂലൈയിൽ തന്നെ വിതരണം നടത്താമെന്ന് കെൽട്രോൺ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖാമൂലം ഉറപ്പൊന്നും കെൽട്രോണിൽ നിന്നും ലഭിച്ചിട്ടില്ല. ലാപ്പ്ടോപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലാപ്പ്ടോപ്പുകൾ ലഭ്യമാകുന്നതു വരെ ₹1,15,232/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-15 പ്രാദേശിക സാമ്പത്തിക വികസനമേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 84/2022/തസ്വഭവ തിയതി.19/04/2022) പ്രകാരം പ്രാദേശികസാമ്പത്തിക വികസനവും തൊഴിൽ അവസരങ്ങളുടെ സൃഷ്ടിയുമാണ് പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടത്. ഇതിനായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ വൻതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും 2022-23 മുതൽ പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED PLAN) ഉണ്ടായിരിക്കണമെന്നും ഇതുവഴി സംരംഭകത്വം, നൈപുണ്യവികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 115/2022/തസ്വഭവ തിയതി.28/05/2022) പ്രകാരം പ്രാദേശിക സാമ്പത്തിക വികസന (ഖണ്ഡിക 6.5) മേഖലയിൽ 22 സംരംഭക ഇനങ്ങളിലായി 50% മുതൽ 75% വരെ സബ്സിഡി നൽകാനും അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യവസായ വികസന ഓഫീസറെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ വ്യവസായ വികസന ഓഫീസർ ഉണ്ടെങ്കിലും ഈ മേഖലയിൽ ഒരു പദ്ധതി പോലും തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിലെ പദ്ധതി ചെലവ് രേഖകൾ പരിശോധിച്ചതിൽ വ്യവസായ വികസന ഓഫീസർ തസ്തിക വർഷങ്ങളായി ബ്ലോക്ക് ഓഫീസിൽ ഉണ്ടെങ്കിലും ഈ മേഖലയിൽ ഇതുവരെ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും 2022-23 മുതൽ പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED PLAN) ഉണ്ടായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം നടപ്പാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ -2 തിയതി 23/06/2023) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലും നൈപുണ്യ വികസനവും ഉറപ്പാക്കുന്നതിനും പ്രത്യേക പരിഗണന നൽകി പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ക്ഷീരവികസന ഓഫീസർ ഫയലുകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസപ്പെടുത്തുന്നു

ക്ഷീര വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23വർഷം 4 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. എന്നാൽ മേൽ 4 പ്രൊജക്ടുകളുടെയും ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ(₹) | ചെലവ് (₹) | (ബിൽ നമ്പർ/ തീയതി/ തുക) |
|---|---|---|---|---|---|
| 1 | 82/2023 | ക്ഷീര | 15,00,000/- | 15,00,000/- | 257/30.12.22 |

| | | | | | |
|---|---|---|---|---|---|
| | | സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | (പൊതു വിഭാഗം വികസന ഫണ്ട്) | | 2,77,521/-<br>258/30.12.22 2,65,885/-<br>261/30.12.22 2,74,508/-<br>262/31.12.22 2,85,831/-<br>287/12.01.23 25,492/-<br>289/12.01.23 2,65,785/-<br>381/15.3.23 14,169/-<br>382/15.3.23 34,215/-<br>419/28.3.23 34,115/-<br>420/28.3.23 22,479/- |
| 2 | 40/2023 (സ്പിൽ ഓവർ) | ഡി.ഇ.ഓ. ഓഫീസ് ദൈനം ദിന ചെലവുകൾ | 57,616/- മെയിന്റനൻസ് ഗ്രാന്റ് (നോൺ -റോഡ്) | 57,616/- | 68/29.8.22 57,616/- |
| 3 | 84/2023 | ഹൈസ്പീഡ് സ്കാനർ, കമ്പ്യൂട്ടർ ടേബിൾ മുതലായവ ക്ഷീര വികസന ഓഫീസിലേക്ക് വാങ്ങൽ | 36,452/- മെയിന്റനൻസ് ഗ്രാന്റ് (നോൺ -റോഡ്) | 36,452/- | 285/12.01.23 36,452/- |
| 4 | 83/2023 | ക്ഷീരവികസന ഓഫീസിന്റെ ദൈനംദിന ചെലവുകൾ | 25,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ -റോഡ്) | 14,278/- | 355/14.3.23 14,278/- |
| | | | ആകെ ചെലവ് | 16,08,346/- | 16,08,346/- |

ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 26.6.2023ൽ 1/2022-23 നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയിയിരുന്നു. ചെലവ് രേഖകളുടെ അഭാവത്തിൽ ₹16,08,346/- യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-17 രാമമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/23 |
| പ്രൊജക്ടിന്റെ പേര് | രാമമംഗലം സി.എച്ച്.സി.ക്ക കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിനായി KWA യ്ക്ക് ഡിപ്പോസിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,രാമമംഗലം |
| അടങ്കൽ (₹) | 2,40,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്) |
| ചെലവ് (₹) | 2,40,000/- (ബിൽ നമ്പർ-385/16.3.23) |

രാമമംഗലം സി.എച്ച്.സി.യിലേക്ക് കുടിവെള്ളം എത്തിക്കുന്ന നിലവിലുള്ള പൈപ്പ് ലൈനിന് പകരം പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം ₹2,40,000/- മേൽ നമ്പർ ബിൽ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/64/2022/ത.സ്വ.ഭ.വ.,തീയതി 09.3.22 പ്രകാരം നിക്ഷേപ പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റു ചെയ്യുന്ന വേളയിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനം, നിർവ്വഹണ ഏജൻസിയുമായി പൂർത്തീകരണ കാലയളവ് അടക്കമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയുമായി നിർവ്വഹണോദ്യോഗസ്ഥ ഇപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 10/27.6.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ₹2,40,000/- യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-18 ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം.

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ. പിറവം ശാഖയിൽ അക്കൗണ്ട് നം. 37559525123 ആയി 26.2.2018 ൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.17 ലെ ഡി.ബി.1/7942/2010/CE/LSGD നമ്പർ സർക്കുലർ പ്രകാരമാണ് ഇ-ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഇപ്രകാരം പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചത്. ഈ അക്കൗണ്ടിൽ 2022-23 ൽ ആകെ ലഭിച്ച തുകയിൽ 22.10.22 ലെ നീക്കിയിരിപ്പായ ₹63849/- യാണ് 2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ₹1,25,000/- യിലധികം ലഭിച്ചെങ്കിലും തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറാതെ കറന്റ് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയായിരുന്നു. സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങൾക്ക് ശേഷം 2023 ജൂൺ 19 ന് മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കുന്നത്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരിപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമായിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങൾ തുടങ്ങുന്ന വിവിധ ബാങ്ക് അക്കൗണ്ടുകൾ മുഖേനയുള്ള പണമിടപാടുകൾക്ക് ബാങ്കുകൾ ഫീസുകളൊന്നും ഈടാക്കാൻ പാടില്ല എന്ന നിർദ്ദേശമുണ്ട്. എന്നാൽ മേൽ നമ്പർ കറന്റ് അക്കൗണ്ടിൽ നിന്നും അക്കൗണ്ട് കീപ്പിംഗ് ഫീസായി 12/03/2023 ൽ ₹649/- ഈടാക്കിയിട്ടുണ്ട്. ഈ തുക ബാങ്കിൽ നിന്നും തിരികെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. മേൽ വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി (നം.-1 തീയതി, 23-06-2023) മുഖേന നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസായി ലഭിക്കുന്ന തുക പലിശ വരുമാനം ഉറപ്പാക്കുന്ന വിധം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഉടനടി കൈമാറുന്നതിനും ഈടാക്കിയ ബാങ്ക് ചാർജ്ജ് തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-19 സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി ചെലവ് -പദ്ധതി പ്രകാരമുള്ള മുഴുവൻ ചെലവുകളും ഉൾപ്പെടുത്തുന്നില്ല

സുലേഖ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ, 2022-23 വർഷത്തെ പദ്ധതിച്ചെലവുകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പത്രിക പരിശോധിച്ചതിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള ചെലവ് പൂർണ്ണമായും ടി ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രൊജക്റ്റ് നമ്പർ – 89/23 – കേരളോത്സവം നടത്തിപ്പ് ചെലവുകൾ

സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭിച്ച ₹1,00,000/- യാണ് കേരളോത്സവം നടത്തിപ്പിന് 2022-23 വർഷം ചെലവഴിച്ചത്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഈ തുകയുടെ ചെലവ് ചേർത്തിട്ടില്ല.പകരം തനത് ഫണ്ടിൽ നിന്നും കേരളോത്സവം നടത്തിപ്പിന് മുൻകൂർ എടുത്ത ₹30,000/- യാണ് ചെലവായി കാണിച്ചിട്ടുള്ളത്. ഈ തുക യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭിച്ച ₹1,00,000/- യിൽ നിന്നും പിന്നീട് തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുള്ളതാണ്.

2) പ്രൊജക്റ്റ് നമ്പർ-22/23(SO)- തിരുമാറാടി ജനസേവന കേന്ദ്രത്തിൽ ശുചിമുറി നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ

തിരുമാറാടി ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് 15.12.22ൽ ₹69200/- ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായി നൽകിയെങ്കിലും ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല.

3) പ്രൊജക്റ്റ് നമ്പർ-128/23-ബ്ളോക്ക് ഓഫീസിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും ₹44,000/- ചെലവഴിച്ച് 2022-23 വർഷം തന്നെ സി.സി.ടി.വി.സ്ഥാപിച്ചുവെങ്കിലും ചെലവ് സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല.

4) പി.എം.എ.വൈ ഭവനപദ്ധതി പ്രൊജക്റ്റുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെയും വിവിധ ഗ്രാമപഞ്ചായത്തുകളുടെ വിഹിതവും ജില്ല പഞ്ചായത്ത് വിഹിതവും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ മാത്രമേ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2022-23 വർഷം, സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ലഭിച്ച തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിലും ടി ചെലവുകൾ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല.

ഓരോ പ്രൊജക്റ്റ് പ്രകാരവും വരുന്ന വിവിധ ഫണ്ടിനങ്ങളിലെ ചെലവുകൾ കൃത്യമായി സുലേഖ ചെലവ് പത്രികയിൽ ചേർക്കാതിരുന്നതു മൂലം പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ആകെ പദ്ധതി ചെലവായി കണക്കാക്കിയിരിക്കുന്ന തുക കൃത്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി ചെലവ് തുക കൃത്യമായി സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവ് തുക തടസപ്പെടുത്തുന്നു

2022-23 വർഷം പാമ്പാക്കുട ബ്ളോക്ക് പഞ്ചായത്ത് ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകൾ മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പേര് | ഫണ്ട് | അടങ്കൽ(₹) | ചെലവ്(₹) | ബിൽ നമ്പരും തീയതിയും | തുക കൈമാറിയ സ്ഥാപനം/തുക കൈമാറിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|---|---|---|
| 1 | 107/23 | കില വനിത ഹോസ്റ്റൽ നിർമ്മാണത്തിന് വിഹിതം നൽകൽ | പൊതു വിഭാഗം വികസന ഫണ്ട് | 3,00,000 | 2,45,716<br>54,284 | 154/ 15.11.22<br>440/ 30.3.23 | കിലയുടെ അക്കൗണ്ടിലേക്ക് വനിത ഹോസ്റ്റൽ നിർമ്മാണത്തിലായി കൈമാറിയ തുക |
| 2 | 57/23 | ഐ.കെ.എം. ഷെയർ | -Do- | 20,910 | 5000<br>15,910 | 52/ 22.8.22<br>190/ 25.11.22 | ഐ.കെ.എം.ന് നൽകി |
| 3 | 113/23 | സ്പേസ് പദ്ധതിക്ക് വിഹിതം നൽകൽ | -Do- | 1,00,000 | 1,00,000 | 441/ 30.3.23 | കിടപ്പിലായ കുട്ടികൾക്ക് വിദ്യാലയാനുഭവങ്ങൾ ഉറപ്പാക്കുന്നതിന് ജില്ല ആസൂത്രണ നിർദേശ പ്രകാരം ഏറ്റെടുത്ത ടി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | പ്രൊജക്ടിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,00,000/-രൂപ SSK യ്ക്ക് കൈമാറി. |
| | | | | ആകെ ചെലവ് | 4,20,910 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ 9/27.6.23 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് ₹4,20,910/- യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-21 വർക്ക് നിയർ ഹോം - പദ്ധതി കെട്ടിട നിർമ്മാണം - അപാകതകൾ

പ്രോജക്ട് നം- 80/2023
അടങ്കൽ – ₹4,28,784/- (വികസനഫണ്ട്- ജനറൽ)
ചെലവ്- ₹4,20,659 - (TRN-22120300000010753, Dtd.31/03/2023)
നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ
ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ വർക്ക് നിയർ ഹോം എന്ന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹4,20,659 /- പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും നിന്നും ചെലവഴിച്ചിട്ടുണ്ട്. കോവിഡ്- 19 മൂലം ഐ.ടി അനുബന്ധ മേഖലകളിൽ *വർക്ക് ഫ്രം ഹോം* എന്ന രീതി വ്യാപകമായത് കണക്കിലെടുത്ത് പ്രാദേശിക സാധ്യതകൾക്കനുസരിച്ച്, തെരഞ്ഞെടുത്ത ടൗണുകളിലും സ്ഥലങ്ങളിലും ഐ.ടി പാർക്കുകൾക്കും കമ്പനികൾക്കും സമാനമായി "ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഉള്ള വർക്ക് സ്പേസ് " സൃഷ്ടിക്കുക എന്നതാണ് വർക്ക് നിയർ ഹോം എന്ന പദ്ധതിവഴി സർക്കാർ വിഭാവനം ചെയ്തിരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 84/2022/തസ്വഭവ തിയതി. 19/04/2022) ഖണ്ഡിക 8.4.3 (7) പ്രകാരം പ്രാദേശിക സാധ്യതകൾക്കനുസരിച്ച് ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഉള്ള വർക്ക് സ്പേസ് സൃഷ്ടിക്കുന്നതിനായി *വർക്ക് ഫ്രം നൈബർഹുഡ്* പോലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാമെന്നും നിലവിലുള്ള കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളെ ഈ സൗകര്യങ്ങളുമായി ബന്ധിപ്പിക്കാമെന്നും നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) കോവിഡ് -19 നെ തുടർന്നുണ്ടായ തൊഴിൽ സാഹചര്യമാറ്റം എന്ന സ്ഥിതിക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലെ കാലതാമസവും വലിയ ചെലവും ഒഴിവാക്കി നിലവിലെ കെട്ടിടങ്ങൾ ഏറ്റെടുത്ത് സൗകര്യങ്ങൾ ഉണ്ടാക്കുക എന്നതാണ് സർക്കാർ പദ്ധതി വഴി വിഭാവനം ചെയ്തിരുന്നത്. കംപ്യൂട്ടറുകൾ, അതിവേഗ ഇന്റർനെറ്റ്, കഫേ, എയർകണ്ടീഷനർ, മീറ്റിംഗ്ഹാളുകൾ എന്നിങ്ങനെയുള്ള ആധുനിക അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിക്കായി ആവശ്യമുള്ളത്. എന്നാൽ വർക്ക് നിയർ ഹോം പദ്ധതിയിലെ ഏറ്റവും അവശ്യഘടകമായ ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കോ ഇലക്ട്രിക് വയറിംഗിനോ പണം വകയിരുത്താതെ കെട്ടിടനിർമ്മാണം മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ നടപ്പിലാക്കിയത്. ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ നിലവിലുള്ള വനിത അമിനിറ്റി സെന്ററിന്റെ മുകളിലായി, ശുചിമുറി സൗകര്യം ഒരുക്കാതെയും ശരിയായ രീതിയിൽ ഉറപ്പിക്കാത്ത ജനലുകളുമായി ജി.ഐ ഷീറ്റ് മേഞ്ഞ 225 സ്ക്വയർ ഫീറ്റ് കെട്ടിടമാണ് ₹4,20,659/- ചെലവിൽ നിർമ്മിച്ചിരിക്കുന്നത്.

2) പ്രാദേശിക സാധ്യതകൾ വിലയിരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശമുള്ളത്. പദ്ധതി ഏറ്റെടുക്കും മുമ്പ് നിർമ്മിക്കുന്ന കെട്ടിടത്തിൽ വർക്ക് നിയർ ഹോം സൗകര്യത്തിൽ ജോലി ചെയ്യാൻ ഗുണഭോക്താക്കൾ ലഭ്യമാണോ എന്ന കാര്യം പരിശോധിച്ചതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല. ഗുണഭോക്താക്കളെ കണ്ടെത്താതെയും ആവശ്യമായ സൗകര്യങ്ങളൊന്നും ഉറപ്പാക്കാതെയും കെട്ടിട നിർമ്മാണം മാത്രമായി പദ്ധതി ചുരുങ്ങി.

3) കെട്ടിടങ്ങൾ നിർമ്മിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലെ കാലതാമസം ഒഴിവാക്കി എത്രയും വേഗം ആധുനിക തൊഴിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി വിഭജിച്ച് പല വർഷങ്ങളായി നടപ്പിലാക്കുന്നത് പദ്ധതിയുടെ ലക്ഷ്യത്തെയും ആവശ്യകതയെയും തന്നെ ഇല്ലാതാക്കുന്നതാണ്. ഇത് തടയുന്നതിനോ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനോ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-11, തീയതി -27/06/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടാകുന്ന ഇത്തരം പോരായ്മകൾ പരിഹരിക്കുവാനും തുടർന്ന് പോരായ്മകൾ

ആവർത്തിക്കാതിരിക്കാനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികൾ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല,നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ മരാമത്ത് വിഭാഗത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ പരിശോധിച്ചതിൽ പല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ നിർമ്മിച്ചിട്ടുള്ള ഓഫീസ്, അനുബന്ധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, അനുബന്ധ നിർമ്മാണങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ രാമമംഗലം, പാമ്പാക്കുട സി.എച്ച്.സി കളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവയാണ് പ്രധാനമായും മരാമത്ത് വിഭാഗത്തിൽ ഓരോ വർഷവും ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഓരോ വർഷവും ഏറ്റെടുക്കുന്ന പദ്ധതികൾ പലതും വർഷങ്ങൾ കൊണ്ടാണ് പൂർത്തിയാകുന്നത്. കുടിവെള്ള പദ്ധതികൾ ഏറെ കാലതാമസമെടുത്തിട്ടും പൂർത്തീകരിക്കപ്പെടാത്ത സ്ഥിതിയാണ്.പദ്ധതികളുടെ എസ്റ്റിമേറ്റ് വിഭജിച്ച് പല ഘട്ടങ്ങളായി നടപ്പിലാക്കുന്നതാണ് പദ്ധതികൾ വൈകുന്നതിന്റെ പ്രധാന കാരണം. ഇത് പദ്ധതികളിലെ അധികച്ചെലവിനും പദ്ധതി തന്നെ അപ്രസക്തമാകുന്നതിനും നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നതിനും ഇടയാക്കുന്നു.

പ്രാദേശിക സാധ്യതകൾ പരിഗണിക്കാതെയും പദ്ധതിയിലെ ഗുണഭോക്താക്കളെ നിശ്ചയിക്കാതെയും കെട്ടിടത്തിന്റെ ഭാവിയിലെ ഉപയോഗം പരിഗണിക്കാതെയും നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഉപയോഗരഹിതവും നിഷ്ക്രിയവുമായി തീരുന്ന സ്ഥിതിയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ നിർമ്മിച്ച ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ വനിത വികസന കേന്ദ്രം, മുത്തോലപുരത്തെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ് എന്നിവയെല്ലാം ലക്ഷങ്ങൾ മുടക്കി കെട്ടിടനിർമ്മാണം നടത്തുകയും എ.സി പോലുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാതെ വർഷങ്ങളായി നിഷ്ക്രിയാവസ്ഥയിൽ തുടരുകയാണ്. പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താതെയും കെട്ടിടം നിർമ്മിക്കപ്പെടുന്ന സ്ഥലത്തിന്റെ വാണിജ്യ, വ്യവസായ സാധ്യതകളെ പരിഗണിക്കാതെയും നിർമ്മിക്കപ്പെടുന്നതിനാലാണ് പ്രധാനമായും ഈ സ്ഥിതി ഉണ്ടായിട്ടുള്ളത്. ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ സംരംഭങ്ങൾക്കായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ നിഷ്ക്രിയമായി തുടരുമ്പോഴും 2022-23 വർഷത്തെ പദ്ധതിയിലും ഇലഞ്ഞിയിൽ തന്നെ 52/2023 നമ്പർ പ്രൊജക്ട് പ്രകാരം വനിത ഉത്പന്ന വിപണനകേന്ദ്രമെന്ന പേരിൽ ₹8,77,057/- ചെലവിൽ രണ്ട് മുറികളും ഒരു ടോയ് ലറ്റുമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ വയറിംഗ് പോലുള്ള നിർമ്മാണ പ്രവർത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. ഈ കെട്ടിടങ്ങളിൽ തുടങ്ങുന്ന സംരംഭം എന്താണെന്നോ അതിന് വേണ്ട ഭൗതിക സൗകര്യങ്ങൾ എന്താണെന്നോ ഉള്ള കാര്യങ്ങളിൽ ധാരണയുള്ളതായോ ഗുണഭോക്താക്കളെ തീരുമാനിച്ചതായോ ഫയലിൽ രേഖകളില്ല.

നിലവിലുള്ള കെട്ടിടങ്ങളുടെ അനുബന്ധ സൗകര്യങ്ങളായും പുതിയതായും കെട്ടിടങ്ങൾ പലതും ആവശ്യകത കണക്കാക്കാതെ നിർമ്മിക്കുന്നുണ്ട്. ബ്ലോക്ക് ഓഫീസ് സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിലെ എല്ലാ കെട്ടിടങ്ങളിലും ആവശ്യത്തിനുള്ള ശുചിമുറി സൗകര്യങ്ങൾ, ടേക്ക് എ ബ്രേക്ക് പദ്ധതിയിലെ ടോയ് ലറ്റുകൾ എന്നിവ നിലവിലുള്ള സാഹചര്യത്തിലും പൊതുവായി പുതുതായി ടോയ് ലറ്റ് സമുച്ചയങ്ങൾ (പ്രോജക്ട് നം-45/23) നിർമ്മിക്കുന്നുണ്ട്. പാമ്പാക്കുട സി.എച്ച്.സി യിൽ 2021-22, 2022-23 വർഷങ്ങളിലായി ₹11,00,000/- യിലധികം രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ശുചിമുറികൾ (പ്രോജക്ട് നം-29/23 & 54/22) നാളിതുവരെ ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുകയാണ്. പാമ്പാക്കുട സി.എച്ച്.സി.യിൽ തന്നെ ക്വാർട്ടേഴ്സ് നവീകരണം (പ്രോജക്ട് നം-103/23) എന്ന പദ്ധതിയിൽ ₹3,97,677/- ചെലവഴിച്ചുവെങ്കിലും നവീകരിച്ച ക്വാർട്ടേഴ്സുൾപ്പടെ ആകെയുള്ള അഞ്ച് ക്വാർട്ടേഴ്സുകളിൽ നാലെണ്ണവും താമസിക്കാനാളില്ലാതെ അടച്ചിട്ടിരിക്കുകയാണ്.

ഒരേ സാമ്പത്തിക വർഷം ഒരേ പ്രവൃത്തി തന്നെ രണ്ട് പദ്ധതികളിലായി ഏറ്റെടുത്ത് തുക ചെലവഴിക്കുന്ന സാഹചര്യവുമുണ്ട്. ഉദാ: പാമ്പാക്കുട സി.എച്ച്.സി നവീകരണം (പ്രോജക്ട് നം-S.034/23), പാമ്പാക്കുട സി.എച്ച്.സി നവീകരണം പൂർത്തീകരണം (പ്രോജക്ട് നം-77/23)എന്നിവ. കുടിവെള്ള വിതരണ പദ്ധതികൾ എല്ലാം തന്നെ പ്രോജക്ടിൽ മതിയായ തുക വകയിരുത്തപ്പെടാതെ ഘട്ടം ഘട്ടമായുള്ള നിർമ്മാണങ്ങളായി വർഷങ്ങളായി തുടർന്നു വരുകയാണ് ചെയ്യുന്നത്. നിഷ്ക്രിയാവസ്ഥയിലുള്ള കെട്ടിടങ്ങൾക്കും, ആവശ്യകത വിലയിരുത്താതെ നിർമ്മിക്കപ്പെടുന്നതിനാൽ ഉപയോഗരഹിതമാകുന്ന കെട്ടിടങ്ങൾക്കുമായി ഓരോ വർഷവും വലിയ തുക ചെലവാക്കുന്ന സ്ഥിതി വിശേഷമാണുള്ളത്.

മേൽ വിഷയങ്ങൾ ഓഡിറ്റ് എൻക്വയറി (നമ്പർ-13 തീയതി- 27/06/2023) പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നീ ഘട്ടങ്ങളിലെല്ലാം വിശദമായ പരിശോധനയും മോണിറ്ററിംഗും ഉറപ്പാക്കിയും പദ്ധതികൾക്കുള്ള മുൻഗണനാക്രമം നിശ്ചയിച്ചും പദ്ധതി പൂർത്തീകരണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്. നടപ്പാക്കിയ പദ്ധതികളിൽ വന്ന പോരായ്മകൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനും നിഷ്ക്രിയാവസ്ഥയിലുള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിയത്- വ്യവസ്ഥകൾ പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള വനിതാ വ്യവസായ കേന്ദ്രം, വനിത വികസന കേന്ദ്രം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം വിട്ടുനൽകുന്നതിന് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 14/11/2022 ലെ യോഗത്തിലെ 6(7)- ാം നമ്പർ പ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. പദ്ധതികളുടെ മാനദണ്ഡപ്രകാരമുള്ള ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കണമെന്നും നിബന്ധനക്ക് വിധേയമായി കെട്ടിടത്തിന്റെ തുടർപരിപാലനവും സംരംക്ഷണവും ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കണമെന്ന വ്യവസ്ഥയിലുമാണ് കൈമാറ്റമെന്നാണ് കമ്മറ്റി യോഗ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തീരുമാനം 21/12/2022ലെ സി /169/2015 നമ്പർ കത്ത് പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തതയില്ല.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 172 (5), (7), 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 12, എന്നിവ പ്രകാരം, സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള വസ്തുക്കൾ തുടർന്ന് വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ അന്യാധീനപ്പെടുത്തുവാനോ അതിന്മേൽ ബാധ്യത വരുത്തുവാനോ മറ്റ് വിധത്തിൽ കയ്യൊഴിക്കുവാനോ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നടത്തിയ ആസ്തി കൈമാറ്റത്തിന്റെ വിവരം സർക്കാരിനെ അറിയിച്ചതായോ അനുമതി നേടിയതായോ രേഖകൾ ഫയലിൽ കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർമ്മിച്ച് നൽകിയ കെട്ടിടത്തിന്റെ കൈമാറ്റം സംബന്ധിച്ച് സർക്കാരിനെ വിവരം അറിയിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

2) കെട്ടിട കൈമാറ്റം സംബന്ധിച്ച തീരുമാനം 21/12/2022ലെ സി / 169/2015 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചതല്ലാതെ ഇത് സംബന്ധിച്ച് കരാർ ചമച്ചതായോ കൈമാറ്റത്തിന് കമ്മിറ്റി തീരുമാനിച്ച വ്യവസ്ഥകൾ ബാധകമാക്കിയതായോ ഉള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) കെട്ടിടങ്ങൾ പദ്ധതികളുടെ മാനദണ്ഡപ്രകാരമുള്ള ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കണമെന്ന നിബന്ധനക്ക് വിധേയമായാണ് കെട്ടിടം കൈമാറ്റം ചെയ്യുന്നത് എന്ന് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വനിതാ വ്യവസായ കേന്ദ്രം എന്ന പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ വി.ഇ.ഒ ഓഫീസും, ഒന്നാം നിലയിൽ ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയുമാണ് പ്രവർത്തിച്ചുവരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ നിബന്ധന പാലിക്കാതെ, കെട്ടിടം ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ –8, തീയതി – 26/06/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും കൃത്യമായി പാലിച്ച് മാത്രം ആസ്തികളുടെ കൈമാറ്റം പോലുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |
| | ഓഡിറ്റ് സാക്ഷ്യപത്രം ഈറിപ്പോർട്ടിന്റെ അനുബന്ധം1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | തുക നൽകിയതിന്റെ ഉദ്ദേശ്യം | ചെലവ് (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| രാമമംഗലം ഗ്രാമപഞ്ചായത്ത് | 2022-23 | 2,75,000/- | പി.എം.എ.വൈ വിഹിതം | 2,75,000/- | 0 |
| തിരുമാറാടി ഗ്രാമപഞ്ചായത്ത് | 2022-23 | 2,10,000/- | പി.എം.എ.വൈ വിഹിതം | 2,10,000/- | 0 |
| പാലക്കുഴ ഗ്രാമപഞ്ചായത്ത് | 2022-23 | 2,00,000/- | പി.എം.എ.വൈ വിഹിതം | 2,00,000/- | 0 |
| ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | 2022-23 | 4,35,000/- | പി.എം.എ.വൈ വിഹിതം | 4,35,000/- | 0 |
| പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | 2022-23 | 2,00,000/- | പി.എം.എ.വൈ വിഹിതം | 2,00,000/- | 0 |
| ജില്ല പഞ്ചായത്ത് | 2022-23 | 11,15,000/- | പി.എം.എ.വൈ വിഹിതം | 11,15,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ബിൽ നം./ തീയതി | ചെലവഴിച്ച തുക (₹) | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 137/23, രാമമംഗലം സി.എച്ച്.സി.ക്കു കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ | 2,40,000/- | 385/16.3.23 | 0 | 2,40,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവുമില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 4,43,74,007 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 4,70,74,493 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 24,53,688 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 69,200/- | ശ്രീ. ബൈജു ടി.പോൾ, സെക്രട്ടറി |
| 1-14 | 1,15,232/- | ശ്രീ. രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-16 | 16,08,346/- | ₹ 57,616/- ശ്രീമതി. സിജി വർഗീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>₹ 15,50,730/- ശ്രീ. ജയദേവൻ എം.കെ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 2,40,000/- | ഡോ.അനിത എൻ.ഷേണായ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. രാമമംഗലം |
| 1-20 | 4,20,910/- | ശ്രീ. ബൈജു ടി.പോൾ, സെക്രട്ടറി |
| ആകെ | 24,53,688/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | ഇളവനാൽ പുത്തൻപുരയിൽ പാലക്കുഴ (പി.ഒ.) |

| | | |
|---|---|---|
| ഡോ.അനിത എൻ.ഷേണായ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. രാമമംഗലം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. രാമമംഗലം | 7/243,K VILLA, വാനില ഗ്രോവ്,കടയിരിപ്പ്,കോലഞ്ചേരി പിൻ-682311 |
| ശ്രീ. ബൈജു ടി.പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസി.ഡയറക്ടർ ജില്ല ശുചിത്വ മിഷൻ,പത്തനംതിട്ട | തെക്കേപൊള്ളയിൽ, ഇഞ്ചൂർ, കോഴിപ്പിള്ളി (പി.ഒ.) |
| ശ്രീമതി. സിജി വർഗീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ കോതമംഗലം ബ്ളോക്ക് പഞ്ചായത്ത് | കണ്ണപുഴ,തോട്ടുമുഖം പി.ഓ. ആലുവ |
| ശ്രീ. ജയദേവൻ എം.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ പാമ്പാക്കുട ബ്ളോക്ക് പഞ്ചായത്ത് | മാമ്പ്ളേത്ത് വീട്,മാമലശ്ശേരി,രാമമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1995-96, 1996-97 | എൽ.എഫ്.ഇ.(സി)834/2000/22.1.2001 |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.01/ 15.2.01 |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)414/21, 03.05.2021 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1215/20, 09.11.2020 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1216/20, 09.11.2020 |
| 2010-11, 2011-12 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1080/20, 06.11.2020 |
| 2012-13, 2013-14, 2014-15 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019. |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1880/ 2021/ 05.01.2022 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1154/2018/09.11.2020 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)283/2019/06.11.2020 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1317/2021/06.12.2021 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)906/2020/03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)957/2022/07.07.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1936/2022/03.12.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II(1) dated 31-05-2023 and submitted on 03-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pampakuda Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pampakuda Block Panchayat for the year 2022-2023

Date: 30/09/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Pampakuda Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information
2.Lack of Panchayath Raj Budget rules adversely affecting budgetary control system.
3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.
4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

**2.Other Observations**

1.Notes on accounts regarding details of the prior period expenses in I-18 schedule is not included in AFS.
2. bankbookbalance of CFC grant in B-17 schedule differs from the total of CFC tied and untied grant balance in B-4 schedule.
3. As per kerala panchayath raj (accounts)rules ,rule 19 all the financial transactions of a panchayath

should be included in AFS.But the bank book balance of Bhavana nidhi(A/C No.857810110003911,BOI),MPLAD scheme(A/C No.857810100003674,BOI),MGNREGS(A/C No.67176587986,SBI) are not included in AFS.

Joint Director
District Audit Office, Ernakulam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്